LIBRARY ARCHIVES Kerala Legislative Assembly

വാഹനങ്ങളുടെ സമയക്രമം

201 (2029) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത്, തിരക്കേറിയ രാവിലെയും വൈകുന്നേരങ്ങളിലും അപകടകരമാംവിധം നിർമ്മാണസാമഗ്രികൾ വാഹനങ്ങളിൽ കൊണ്ടുപോകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത വാഹനങ്ങളുടെ സമയക്രമത്തിൽ മാറ്റം വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) ഇക്കാര്യത്തിൽ നിലവിലുള്ള നിയന്ത്രണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) തിരക്കേറിയ സമയങ്ങളിൽ മണൽ, മെറ്റൽ ഇരുമ്പുകമ്പി എന്നിവ വഹിച്ചുകൊണ്ട് ചരക്കുവാഹനങ്ങൾ സർവ്വീസ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമൂലമുള്ള ബുദ്ധിമുട്ടുകൾ നിയന്ത്രിക്കുന്നതിനായി രാവിലെ 9 മണി മുതൽ 10 മണിവരെയും വൈകുന്നേരം 4 മണിമുതൽ 5 മണിവരെയും ടിപ്പർ ലോറികളുടെ പൊതുനിരത്തുകളിലൂടെയുള്ള ഗതാഗതം നിരോധിച്ചിട്ടുണ്ട്. ഇതോടൊപ്പം പെട്രോളിയം ഉല്പന്നങ്ങൾ വഹിച്ചുകൊണ്ട് പോകുന്ന വാഹനങ്ങൾക്ക് കോർപ്പറേഷൻ, മുനിസിപ്പാലിറ്റി മേഖലകളിൽ രാവിലെ 8 മണി മുതൽ 11 മണിവരെയും വൈകുന്നേരം 4 മണിമുതൽ 6 മണിവരെയും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്.

സി.സി.റ്റി.വി. ക്യാമറ സ്ഥാപിക്കൽ

202 (2030) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോസ്ദുർഗ്ഗ് പോലീസ് സ്റ്റേഷൻ പരിധിയിലെ സെൻസിറ്റീവ് ഏരിയകളിൽ എത്ര സി.സി.റ്റി.വി. ക്യാമറകളാണ് സ്ഥാപിച്ചതെന്ന് വിശദമാക്കുമോ ;

(ബി) ഇതിൽ എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ടെന്നും പ്രവർത്തിക്കാത്തവ എത്രയാണെന്നും വിശദമാക്കുമോ ;

(സി) പ്രവർത്തിക്കാത്തവയുടെ തകരാർ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?